# ബാങ്കിംഗ് വ്യവസ്ഥ ഇസ്‌ലാമിന്റേതും മുതലാളിത്തത്തിന്റേതും

ഇസ്‌ലാമിക ബാങ്കുകളുടെ സവിശേഷതകൾ എടുത്തുകാട്ടുന്നതും അവയെക്കുറിച്ച സംശയങ്ങൾ ദൂരീകരിക്കുന്നതുമായ ഏതാനും ഫത്‌വകൾ. അവലംബം ഇസ്‌ലാം ഓൺലൈൻ നെറ്റ്, അറബി

ഇടപാടുകാർ നിക്ഷേപിക്കുന്ന പണം കച്ചവടം ചെയ്യുകയല്ല, സാമൂഹിക വികസനം ഉദ്ദേശിച്ചുള്ള വ്യത്യസ്ത സംരംഭങ്ങളിൽ പ്രത്യുൽപാദനപരമായി വിനിയോഗിക്കുക എന്നതാണ് ഇസ്‌ലാമിക ബാങ്കുകളുടെ പ്രവർത്തനരീതി. അഥവാ അങ്ങനെ ചെയ്യുന്ന ബാങ്കുകളാണ് യഥാർഥ ഇസ്‌ലാമിക ബാങ്കുകൾ, അവ അങ്ങനെ പേരു വെച്ചിട്ടില്ലെങ്കിലും. നിക്ഷേപം സ്വീകരിച്ച് കടം നൽകി അതിൽനിന്നുള്ള വരുമാനത്തെ മാത്രം ആശ്രയിച്ച് നിൽക്കുന്ന ബാങ്കുകൾ ഇസ്‌ലാമികമല്ല, അവ സ്വയം അങ്ങനെ വിശേഷിപ്പിക്കുന്നുണ്ടെങ്കിലും.

***ഇസ്‌ലാമിക ബാങ്കിംഗ് വ്യവസ്ഥ നിലവിലെ പരമ്പരാഗത ബാങ്കിംഗ് വ്യവസ്ഥയിൽനിന്ന് ഏറെയൊന്നും ഭിന്നമല്ല എന്നിരിക്കെ ഒരു ഇസ്‌ലാമിക ബാങ്കിംഗ് സംവിധാനത്തിനു വേണ്ടി പരിശ്രമിക്കുന്നതെന്തിന്?***

ഈ വിഷയകമായി അടിസ്ഥാനപരമായ ചില സംഗതികൾ ആദ്യം അറിഞ്ഞിരിക്കേണ്ടതുണ്ട്.

1. ഇന്ന് ലോകമെങ്ങും വ്യാപിച്ചിരിക്കുന്ന ആധുനിക ബാങ്കിംഗ് വ്യവസ്ഥ ക്രൈസ്തവ സംസ്കാരത്തിന്റെ തണലിൽ പാശ്ചാത്യ മുതലാളിത്ത (അധ്വാനത്തേക്കാൾ മൂലധനത്തിന് മഹത്വം കൽപിക്കുന്ന ചിന്താഗതി) വ്യവസ്ഥയോടൊപ്പം വളർന്നു വികസിച്ചതാണ്. യഥാർഥത്തിൽ, ക്രൈസ്തവതയും ഇസ്‌ലാമിനെ പോലെ തന്നെ പലിശയെ (അധ്വാനിക്കാതെ പണം പെരുപ്പിക്കൽ) നിഷിദ്ധമാക്കിയിട്ടുണ്ട്. അതിനാൽ ആദ്യകാലത്ത് ക്രിസ്ത്യാനികളും അതിനെ പാപമായി കണ്ടിരുന്നു. എന്നാൽ ജൂതന്മാരുടെ ഇടപെടലാണ് കാര്യങ്ങൾ മാറ്റിമറിച്ചത്. ജൂതന്മാർ തമ്മിൽ തമ്മിലുള്ള ഇടപാടുകളിൽ പലിശ നിഷിദ്ധമായിരുന്നു. എന്നാൽ മറ്റുള്ളവരിൽനിന്ന് പലിശ ഈടാക്കുന്നതിന് തടസ്സമുണ്ടായിരുന്നില്ല. അങ്ങനെ സാമ്പത്തികരംഗത്ത് അവർ ക്രിസ്ത്യാനികളെ മറികടന്നു. പലിശ ബാങ്കുകൾ സ്ഥാപിച്ചു, അവർ ആ രംഗത്ത് നൈപുണ്യവും വൈദഗ്ധ്യവും നേടി. യൂറോപ്പിലെങ്ങും പ്രയോജനാത്മകവാദ (pragmatism) ചിന്താഗതി വ്യാപിക്കുന്നതിന് ഇത് കാരണമായിത്തീർന്നു. അതോടുകൂടി ക്രൈസ്തവ മൂല്യങ്ങളും അട്ടിമറിക്കപ്പെട്ടു. ക്രിസ്ത്യാനികളും വ്യാപകമായി ഈ രംഗത്തേക്ക് കടന്നുവന്ന് ജൂതന്മാരോട് മത്സരിക്കാൻ തുടങ്ങി. പൗരസ്ത്യർക്ക് - വിശേഷിച്ചും മുസ്‌ലിംകൾക്ക് യൂറോപ്യൻ കൊളോണിയൽ ശക്തികൾ തങ്ങളുടെ നാടുകളിലേക്ക് കടന്നുവരുന്നത് വരെ പലിശാധിഷ്ഠിത ബാങ്കിംഗ് വ്യവസ്ഥയെക്കുറിച്ച് അറിവുണ്ടായിരുന്നില്ല.




2. സാധനം, സേവനം, അധ്വാനത്തിന്റെ വിനിയോഗം, പ്രയോജനം സ്വീകരിക്കൽ തുടങ്ങിയവക്ക് പകരമായി സൃഷ്ടിക്കപ്പെടുന്ന മൂല്യപരിമാണമാണ് ധനം. ഇതാണ് ഇസ്‌ലാമിക ധനതത്ത്വശാസ്ത്രത്തിന്റെ കാഴ്ചപ്പാട്. പണം ചരക്കെന്ന നിലക്ക് വിൽക്കാനോ വാങ്ങാനോ കഴിയുന്ന സ്വതന്ത്രവും വേർപെട്ടതുമായ അസ്തിത്വമുള്ളതല്ല. അതുകൊണ്ടുതന്നെ പണവ്യാപാ

രത്തെ (മൂല്യവർധനയുണ്ടാക്കുന്ന യാതൊരു ആസ്പദവുമി ല്ലാതെയുള്ള പണപ്പെരുപ്പം) ഇസ്‌ലാം നിരോധിക്കുന്നു. ഈയൊരു പോയിന്റിൽ ഇസ്‌ലാമിന്റെയും കമ്യൂണിസത്തി ന്റെയും സാമ്പത്തിക വീക്ഷണങ്ങൾ തമ്മിൽ സാദൃശ്യമുണ്ട്.

3. ഇടപാടുകാർ നിക്ഷേപിക്കുന്ന പണം കച്ചവടം ചെയ്യു കയല്ല, സാമൂഹിക വികസനം ഉദ്ദേശിച്ചുള്ള വ്യത്യസ്ത സംരം ഭങ്ങളിൽ പ്രത്യുൽപാദനപരമായി വിനിയോഗിക്കുക എന്നതാണ് ഇസ്‌ലാമിക ബാങ്കുകളുടെ പ്രവർത്തനരീതി. അഥവാ അങ്ങനെ ചെയ്യുന്ന ബാങ്കുകളാണ് യഥാർഥ ഇസ്‌ലാ മിക ബാങ്കുകൾ, അവ അങ്ങനെ പേരു വെച്ചിട്ടില്ലെങ്കിലും. നിക്ഷേപം സ്വീകരിച്ച് കടം നൽകി അതിൽനിന്നുള്ള വരുമാ നത്തെ മാത്രം ആശ്രയിച്ച് നിൽക്കുന്ന ബാങ്കുകൾ ഇസ്‌ലാമി കമല്ല, അവ സ്വയം അങ്ങനെ വിശേഷിപ്പിക്കുന്നുണ്ടെങ്കിലും.

4. പണത്തോടുള്ള ഇസ്‌ലാമിന്റെ താത്വിക നിലപാടിനെ തെളിമയോടെ ഉയർത്തിക്കാട്ടുന്നതാണ് ഇന്നത്തെ പലിശ വ്യവ സ്ഥിതി ചെന്നുപെട്ടിരിക്കുന്ന ഗുരുതര പ്രതിസന്ധി. അതിഭീമ മായ ധനവളർച്ച മുതലാളിത്ത സാമ്പത്തികവ്യവസ്ഥ സൃഷ്ടി ച്ചെടുത്ത അർബുദമായിരുന്നു എന്നതത്രെ വസ്തുത. പ്ര ത്യുൽപാദനപരമായ യാതൊരു ഫലവും സൃഷ്ടിക്കാത്ത ഉന്മ ത്തമായ പണവ്യാപാരത്തിലൂടെ ആഗോള സ്റ്റോക്ക് മാർക്കറ്റിൽ ഓഹരികൾക്കുണ്ടായ ഭ്രാന്തമായ മൂല്യവർധനവിലൂടെയാണ് മുതലാളിത്തം ഈ 'വളർച്ച' കൈവരിച്ചത്. ഈ കുമിളകളാണ് ഇപ്പോൾ പൊട്ടിക്കൊണ്ടിരിക്കുന്നത്. അതുവഴി പല വികസന പദ്ധതികളും അവതാളത്തിലായി. ആയിരങ്ങൾ ചോരവി യർപ്പാക്കി സമ്പാദിച്ച ധനം വെള്ളത്തിലായി. ഇങ്ങനെയൊ ക്കെയാണ് മുതലാളിത്തത്തിന്റെ മായാജാലങ്ങൾ. ആഗോള മൂല ധനനിക്ഷേപത്തിന്റെ 97 ശതമാനവും (100 ട്രില്യൻ ഡോളർ) സ്റ്റോക്ക് മാർക്കറ്റിലും മറ്റു പണമിരട്ടിപ്പിക്കൽ സംരംഭങ്ങളിലു മാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. ഇതത്രയും പലിശയിടപാടു കളും പണവ്യാപാരവുമാണെന്നർഥം. മൂന്നു ശതമാനം (3.5 ട്രില്യൻ ഡോളർ) മാത്രമാണ് കച്ചവടം, വ്യവസായം, സേവന മേഖല എന്നിവയിലെ മൂലധന നിക്ഷേപം. ഇത്ര ദുർബലവും അനിശ്ചിതവുമാണ് മുതലാളിത്ത സാമ്പത്തിക വ്യവസ്ഥയുടെ അടിത്തറ.

5. മുതലാളിത്ത വ്യവസ്ഥയുടെ കൂടെപ്പിറപ്പാണ് പലിശ. പണത്തോടും മൂലധനത്തോടുമുള്ള മുതലാളിത്തത്തിന്റെ താത്വിക നിലപാടിന്റെ ഉൽപന്നമാണത്. മുതലാളിത്ത വിക സനരീതികൾ സൃഷ്ടിച്ച പരിസ്ഥിതി മലിനീകരണം പോലെ അതിന്റെ സാമ്പത്തിക മലിനീകരണവും ലോകമാകെ വ്യാപി ച്ചിരിക്കുകയാണ്. ഇന്നത്തെ എല്ലാ സാമ്പത്തിക ഇടപാടുകളു ടെയും ചാലകശക്തി മുതലാളിത്ത താൽപര്യങ്ങളായിത്തീർന്നി ട്ടുണ്ട്. അതുകൊണ്ടല്ലാം ഇത്തരം സംവിധാനങ്ങളുമായി ഇട പാടു നടത്തേണ്ട ഒരു നിർബന്ധിതാവസ്ഥ നമുക്കുണ്ട് എന്നത് നേരാണ്. എന്നാൽ ഇവിടെ നടക്കുന്നതെല്ലാം ഹലാലെന്ന് (അ നുവദനീയം) വിധി പ്രസ്താവിച്ച് അടങ്ങിയിരിക്കുകയല്ല വേണ്ട ത്. നിർബന്ധിതാവസ്ഥയെ അതിന്റെ അനിവാര്യമായ പരിധി യിൽ മാത്രം കണക്കിലെടുക്കുകയും അതിന്റെ കാരണങ്ങളും ഫലങ്ങളും അവസ്ഥകളും ഇല്ലാതാക്കാൻ ശ്രമിക്കുകയുമാണ് വേണ്ടത്. ഇവിടെയാണ് ഇസ്‌ലാമിക ബാങ്കുകളെക്കുറിച്ച ചിന്ത പ്രസക്തമാവുന്നത്.

ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ, നില നിൽക്കുന്ന പലിശാധിഷ്ഠിത ബാങ്കിംഗ് വ്യവസ്ഥയെ എല്ലാ അർഥത്തിലും ചെറുക്കേണ്ടത് സമകാലിക ഇസ്‌ലാമിക കർമ ശാസ്ത്രത്തിന്റെ നിർബന്ധ ബാധ്യതയാണ്. നമ്മുടെ മഹത്തായ പാരമ്പര്യത്തിൽനിന്നു തന്നെ ഇതിനാവശ്യമായ വൈജ്ഞാനിക വെളിച്ചം നമുക്ക് കിട്ടുന്നതാണ്.

ഹുജ്ജത്തുൽ ഇസ്‌ലാം അബൂഹാമിദുൽ ഗസ്സാലി (1058 –1111)യുടെ ഇതു സംബന്ധമായ ഒരു നിരീക്ഷണം ശ്രദ്ധേയമാ ണ്. "മറ്റെല്ലാ ധനോപാധികളെയും അപേക്ഷിച്ച് മധ്യമവും നിർണായകവുമായ സ്ഥാനം നൽകിയാണ് അല്ലാഹു ദീനാറി നെയും ദിർഹമിനെയും സൃഷ്ടിച്ചിട്ടുള്ളത്. എല്ലാ വസ്തുക്ക ളുടെയും മൂല്യം അവയുടെ അടിസ്ഥാനത്തിലാണ് കണക്കാ ക്കപ്പെടുക; ധന കൈമാറ്റത്തിനുള്ള സൗകര്യപ്രദമായ ഒരു മാധ്യമമാണത്. പ്രസ്തുത മാധ്യമത്തിലൂടെ എല്ലാ വസ്തുക്ക ളുടെയും ധനപരമായ വിനിമയം സാധ്യമാവുന്നു. സ്വന്തം നിലക്ക് അവക്ക് പ്രത്യേക പ്രസക്തിയില്ല. മാധ്യമം മാത്രമാ ണത് എന്ന് ഓർക്കണം. യഥാർഥ പ്രകൃതത്തിനു വിരുദ്ധമായി അതിനെ കൈകാര്യം ചെയ്യുന്നവർ ദൈവത്തോട് നന്ദികേട് കാണിക്കുകയാണ് ചെയ്യുന്നത്. ആവശ്യങ്ങൾക്ക് വ്യയം ചെയ്യാതെ അവ കുന്നുകൂട്ടിവെക്കുന്നത് അക്രമമാണ്. അതു കൊണ്ട് പലിശയിടപാട് നടത്തുന്നവർ ദൈവധിക്കാരമാണ് ചെയ്യുന്നത്. ആ ലക്ഷ്യങ്ങൾക്ക് വേണ്ടിയല്ല അല്ലാഹു അവ സൃഷ്ടിച്ചിട്ടുള്ളത് എന്നതുതന്നെ കാരണം. അവ സ്വയം ഒരു ലക്ഷ്യമല്ല. ദീനാറോ ദിർഹമോ സ്വന്തമായിട്ടുള്ളവൻ ഒരു പക്ഷേ അത് നാണയങ്ങൾക്ക് പകരമായി കൈമാറ്റം ചെയ്യാമെന്ന് വാദി ച്ചേക്കാം. അങ്ങനെ പണവ്യാപാരത്തിലൂടെ ഒരാൾക്ക് വൻ നിക്ഷേപം സ്വരൂപിക്കാനും സാധിച്ചേക്കും. എന്നാൽ പണത്തി നുപകരം പണം കച്ചവടം ചെയ്യുന്നതിലൂടെ അതിങ്ങനെ കുന്നു കൂട്ടി വെക്കാം എന്നല്ലാതെ പ്രത്യുൽപാദനപരമായ യാതൊരു പ്രയോജനവും ഉണ്ടാവുന്നില്ല എന്നതാണ് വസ്തുത. അനീതി നിറഞ്ഞ ഒരേർപ്പാടാണിത്. ഏതൊരു ധർമം നിർവഹിക്കാൻ വേണ്ടിയാണോ അല്ലാഹു ഒരു വസ്തുവിനെ സൃഷ്ടിച്ചിട്ടുള്ള ത്, ആ ധർമത്തിൽനിന്ന് അതിനെ വ്യതിചലിപ്പിക്കാൻ പാടില്ല" (വാല്യം 12, പേജ് 222, *കിതാബുശ്ശുക്‌രിവസ്സബ്ർ*)

ഇത്തരം പാരമ്പര്യങ്ങളെ പുനരുജ്ജീവിപ്പിക്കുകയും അതോടൊപ്പം പുതിയ ഗവേഷണങ്ങൾ ഈ രംഗത്ത് നടത്തു കയും ചെയ്യേണ്ടതുണ്ട്.

ഒരു ഏകീകൃത ഇസ്‌ലാമിക ധന കമ്പോളവും ധാർമിക പിൻബലമുള്ള ധനവിനിമയ രീതികളും നടപ്പിൽ വരുത്തേണ്ടത് മുസ്‌ലിംലോകത്തെ സംബന്ധിച്ചേടത്തോളം ഇന്നത്തെ അടി യന്തരാവശ്യമാണ്. ഇതിലൂടെ മാത്രമേ നിലവിലുള്ള അധാർമികമായ സാമ്പത്തിക സംവിധാനങ്ങളിൽനിന്ന് രക്ഷ പ്പെടാനാവൂ. പാശ്ചാത്യ ലോകത്തെ വിവേകശാലികൾ പോലും ഇന്ന് ഇസ്‌ലാമിക സാമ്പത്തികശാസ്ത്രത്തെ പ്രതീക്ഷയോടെ ഉറ്റുനോക്കുന്നുണ്ട്. ഇസ്‌ലാമിക സാമ്പത്തിക ദർശനത്തിന്റെ കരുത്ത് പ്രയോഗത്തിൽതന്നെ ലോകത്തെ ബോധ്യപ്പെടു ത്താൻ നമുക്ക് കഴിയണം.

## ഇസ്‌ലാമിക ബാങ്കുകളിലെ ഇടപാടുകളുടെ സ്വഭാവം

***ഇസ്‌ലാമിക ബാങ്കുകളുടെയും പലിശാധിഷ്ഠിത ബാങ്കു കളുടെയും ഇടപാടുകൾ തമ്മിൽ വ്യത്യാസമില്ല; അവയും വിവിധ തന്ത്രങ്ങളിലൂടെ പലിശയിടപാടുകൾ തന്നെയാണ് നടത്തുന്നത്- ഈ ആരോപണത്തെക്കുറിച്ച് എന്താണ് അഭിപ്രായം?***

**ഉത്തരം: ഹുസാമുദ്ദീനുബ്നു മൂസാ അഫാന** (അൽഖുദ്സ് യൂനിവേഴ്സിറ്റിയിലെ കർമശാസ്ത്ര/നിദാനശാസ്ത്ര വിഭാഗം പ്രഫസർ)

ഇസ്‌ലാമിക ബാങ്കുകൾ പലിശാധിഷ്ഠിതമായാണ് പ്രവർത്തിക്കുന്നത് എന്നത് അടിസ്ഥാന രഹിതമായ ആരോപണമാണ്. വ്യത്യസ്ത ഫിഖ്ഹ് അക്കാദമികൾ ഇസ്‌ലാമികം എന്നംഗീകരിച്ച പ്രമാണങ്ങളിലും അടിസ്ഥാനങ്ങളിലുമാണ് അവ സ്ഥാപിതമായിരിക്കുന്നത്. മാത്രമല്ല, പ്രഗത്ഭരായ കർമശാസ്ത്ര പണ്ഡിതനും ഇസ്‌ലാമിക സാമ്പത്തിക വിദഗ്ധരും അടങ്ങിയ സമിതികൾ ഇത്തരം സ്ഥാപനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നുണ്ട്. അവർ ഈ ബാങ്കുകൾ ഇസ്‌ലാമിക പ്രമാണങ്ങൾക്കനുസൃതമായി തന്നെയാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പുവരുത്തുന്നുമുണ്ട്.

ഇസ്‌ലാമിക ബാങ്ക് എന്ന ആശയത്തിന്റെ അടിസ്ഥാന പ്രചോദനം തന്നെ വായ്പ ഇടപാടുകളിലും നിക്ഷേപങ്ങളിലും പലിശ ഒഴിവാക്കുക എന്നതാണ്. ഇത് രണ്ടും പലിശാധിഷ്ഠിതമായി നടത്തുന്ന മുഖ്യധാരാ ബാങ്കിംഗ് സംവിധാനത്തെയും ഇസ്‌ലാമിക ബാങ്കുകളെയും എങ്ങനെയാണ് താരതമ്യം ചെയ്യുക?

ഡോ. ഗരീബ് ജമാൽ എഴുതുന്നു: "പലിശയിൽനിന്ന് അകലം പാലിക്കുന്നു എന്നതുതന്നെയാണ് ഇസ്‌ലാമിക ബാങ്കുകളുടെ മൗലിക സവിശേഷത. അതുകൊണ്ടുതന്നെ അത് ഇസ്‌ലാമിക സമൂഹത്തിന്റെ ഉത്തമ താൽപര്യങ്ങൾക്ക് അനുഗുണമാണ്. തങ്ങളുടെ സാമ്പത്തിക പ്രവർത്തനങ്ങൾ വിശ്വാസപരമായ പ്രചോദനത്തോടെയും ഇസ്‌ലാമിന്റെ ആത്മാവുൾക്കൊണ്ടും നിർവഹിക്കാൻ അവർക്കിതുവഴി സാധിക്കുന്നു. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവർക്ക് ഇത് ഐഹികലാഭം നേടാൻ വേണ്ടി മാത്രം ഏർപ്പെട്ടിരിക്കുന്ന വെറും കച്ചവടമല്ല. ഇസ്‌ലാമിക വിരുദ്ധമായ ഇടപാടുകൾ നടത്തുന്നതിൽനിന്ന് ഇസ്‌ലാമികസമൂഹത്തെ മോചിപ്പിക്കുകയാണ് അവരുടെ ലക്ഷ്യം. തങ്ങൾ നിർവഹിക്കുന്നത് ദൈവിക പ്രതിഫലം ലഭിക്കുന്ന ഇബാദത്താണ് എന്ന ചാരിതാർഥ്യവും അവർക്കുണ്ട്; ഭൗതികമായ ഫലങ്ങൾ ഉള്ളതോടൊപ്പം തന്നെ." (*ഇസ്‌ലാമിക് ബാങ്കിംഗ്: തത്ത്വവും പ്രയോഗവും*, പേജ് 192,193)

ഇടപാടുകൾ അനുവദനീയതയുടെ (ഹലാൽ) വൃത്തത്തിൽ ഒതുങ്ങിനിൽക്കാൻ വേണ്ടി ഇസ്‌ലാമിക ബാങ്കുകൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുന്നു:

1. മനുഷ്യന്റെ മിതവും ന്യായവുമായ ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമായ സാധനങ്ങളുടെയും സേവനങ്ങളുടെയും ഉൽപാദനത്തിലാണ് അവയുടെ നിക്ഷേപം കേന്ദ്രീകരിക്കുന്നത്.

2. ഉൽപാദകൻ, സാധനങ്ങളുടെയും സേവനങ്ങളുടെയും ഉൽപാദനം നടത്തുന്നത് അനുവദനീയ മാർഗേണയാണ് എന്ന് ഉറപ്പുവരുത്തുന്നു.

3. ഉൽപാദന പ്രക്രിയയുടെ എല്ലാ ഘട്ടങ്ങളിലും- അസംസ്കൃത വസ്തുക്കളുടെ വാങ്ങൽ, ഉൽപന്ന നിർമാണം, വിൽപന, അനുബന്ധമായ മറ്റു സാമ്പത്തിക ചെലവുകൾ- അനുവദനീയതയുടെ പരിധികൾ പാലിക്കുന്നുണ്ട് എന്നുറപ്പ് വരുത്തുന്നു.

4. ഉൽപാദന വ്യവസ്ഥ ഒന്നാകെതന്നെ അനുവദനീയതയുടെ പരിധിയിൽ വരുന്നുണ്ടോ എന്ന് സൂക്ഷ്മമായി നരീക്ഷിക്കും.

ഡോ. യൂസുഫുൽ ഖറദാവി എഴുതുന്നു: "ഇസ്‌ലാമിക ബാങ്കുകളെയും സാമ്പത്തിക സ്ഥാപനങ്ങളെയും വിമർശിക്കുന്നവരോട് എനിക്ക് പറയാനുള്ളതിതാണ്: അവർ യഥാർഥ്യബോധത്തോടെ പെരുമാറണം. എല്ലാ രംഗങ്ങളിലും പരിമിതികളനുഭവിക്കുന്ന ഒരു സമൂഹത്തിൽ ഇസ്‌ലാമിക ബാങ്കുകൾക്ക് മാത്രം പൂർണത വേണമെന്ന് ശഠിക്കുന്നത് ശരിയാണോ? ഇത്തരം സംരംഭങ്ങൾ പ്രാഥമിക ഘട്ടത്തിലുമാണ്. വെറുതെ വിമർശിക്കുന്നതിനു പകരം ആവുംവിധമെല്ലാം സഹായിച്ച് അതിനെ വിജയത്തിലെത്തിക്കാനല്ലേ നാം ശ്രമിക്കേണ്ടത്? ഓർക്കുക, ആയിരം വാക്ക് മൊഴിയാൻ എന്തെളുപ്പം! ഒരു ചെറു കർമം എത്ര ശ്രമകരം!"



പലിശാധിഷ്ഠിത ബാങ്കുകൾ, ധനികരുടെ സംരംഭങ്ങൾക്ക് മാത്രമുള്ള സംവിധാനമായി പ്രവർത്തിക്കുമ്പോൾ, മുസ്‌ലിം ബഹുജനങ്ങളിൽ സമ്പാദനത്തിന്റെയും നിക്ഷേപത്തിന്റെയും പ്രചോദനം സൃഷ്ടിക്കാൻ ഇസ്‌ലാമിക ബാങ്കുകൾക്ക് സാധിക്കുന്നു. സകാത്ത് നിധികൾ രൂപീകരിച്ചും ചൂഷണരഹിതമായ കടങ്ങൾ ലഭ്യമാക്കിയും ദാരിദ്ര്യ നിർമാർജനത്തിനും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും മറ്റു ഇസ്‌ലാമിക സംരംഭങ്ങൾക്കും ആവശ്യമായ ഫണ്ടുകൾ ലഭ്യമാക്കാൻ അവക്ക് സാധിക്കുന്നു.

ഇസ്‌ലാമിക് ബാങ്കിംഗ് സംരംഭങ്ങൾക്ക് ചില പോരായ്മകളും പരിമിതികളും ഉള്ളതോടൊപ്പം തന്നെ ശ്രദ്ധേയമായ നേട്ടങ്ങളും ഉണ്ടെന്ന് മനസ്സിലാക്കണം.

അത് മുസ്‌ലിംകൾക്ക് അനുവദനീയമായ ഇടപാടുകൾ നടത്താനുള്ള മാർഗം എളുപ്പമാക്കിക്കൊടുത്തു. പലിശാധിഷ്ഠിത ബാങ്കുകളെ കുറിച്ച ചിന്തയിൽനിന്ന് മുസ്‌ലിംമനസ്സുകൾക്ക് മോചനം നൽകി.

സമൂഹം ഇഛാശക്തിയോടെ പ്രവർത്തിച്ചാൽ വളരെ എളുപ്പത്തിൽ തന്നെ പലിശ രഹിത സാമ്പത്തിക സംരംഭങ്ങൾ നടത്തിക്കൊണ്ടുപോകാം എന്നൊരു ഉറച്ച വിശ്വാസം അത് മുസ്‌ലിംകളിൽ സൃഷ്ടിച്ചു.

പലിശാധിഷ്ഠിത ബാങ്കുകൾ, ധനികരുടെ സംരംഭങ്ങൾക്ക് മാത്രമുള്ള സംവിധാനമായി പ്രവർത്തിക്കുമ്പോൾ,

മുസ്‌ലിം ബഹുജനങ്ങളിൽ സമ്പാദനത്തിന്റെയും നിക്ഷേപത്തിന്റെയും പ്രചോദനം സൃഷ്ടിക്കാൻ ഇസ്‌ലാമിക ബാങ്കുകൾക്ക് സാധിക്കുന്നു.

സകാത്ത് നിധികൾ രൂപീകരിച്ചും ചൂഷണരഹിതമായ കടങ്ങൾ ലഭ്യമാക്കിയും ദാരിദ്ര്യ നിർമാർജനത്തിനും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും മറ്റു ഇസ്‌ലാമിക സംരംഭങ്ങൾക്കും ആവശ്യമായ ഫണ്ടുകൾ ലഭ്യമാക്കാൻ അവക്ക് സാധിക്കുന്നു.

സമൂഹത്തിൽ നന്മയുടെയും ക്ഷേമത്തിന്റെയും സാംസ്കാരിക ബോധം സൃഷ്ടിച്ചെടുക്കാൻ അവക്ക് സാധിക്കുന്നു.

## പരമ്പരാഗത ബാങ്കിലെ പലിശയും ഇസ്‌ലാമിക ബാങ്കിലെ ലാഭവും

***ഇസ്‌ലാമിക ബാങ്ക് വഴി മുറാബഹ (Cost Plus financing) രീതിയിലൂടെ ഒരാൾ കാറുവാങ്ങി. രണ്ടുവർഷം കൊണ്ട് പണം അടച്ചുതീർക്കും എന്നാണ് ബാങ്കുമായുണ്ടാക്കിയ ധാരണ. എന്നാൽ ഇസ്‌ലാമിക ബാങ്കും പരമ്പരാഗത ബാങ്കുകൾ ഈടാക്കുന്ന പലിശയുടേതിന് സമാനമായ തുക ലാഭമെന്ന പേരിൽ അയാളിൽനിന്ന് ഈടാക്കുന്നു. ഇത് വൈരുധ്യമല്ലേ?***

**ഉത്തരം: ഹുസാമുദ്ദീനുബ്നു മൂസാഅഫാന** (കർമശാസ്ത്ര/നിദാനശാസ്ത്രം പ്രഫസർ, അൻഖുദുസ് യൂനി.)

ഇസ്‌ലാമിക് ബാങ്കിംഗ് എന്ന ആശയത്തിന്റെ അടിസ്ഥാന പ്രചോദനം തന്നെ വായ്പ ഇടപാടുകളിലും നിക്ഷേപങ്ങളിലും പലിശ ഒഴിവാക്കുക എന്നതാണെന്ന് ഓർക്കേണ്ടതുണ്ട്. എന്നാൽ പരമ്പരാഗത ബാങ്കുകളുടെ മൗലിക സ്വഭാവം തന്നെ വ്യത്യസ്തമാണെന്ന് ഏവർക്കും അറിവുള്ളതാണല്ലോ.

മുറാബഹയുടെ രൂപം ഇതാണ്. ചരക്ക് ആവശ്യമുള്ള ഇടപാടുകാരൻ ബാങ്കിനെ സമീപിക്കുന്നു. ബാങ്ക് സ്വന്തം ഉടമസ്ഥതയിൽ സാധനം വാങ്ങി അയാൾക്ക് നൽകുന്നു. ബാങ്കും ഇടപാടുകാരനും തമ്മിൽ യോജിപ്പിലെത്തുന്ന ഒരു നിശ്ചിത ലാഭത്തോടൊപ്പം ഉഭയ സമ്മതമായ ഒരു കാലയളവിനുള്ളിൽ അയാൾ പണം ബാങ്കിലേക്ക് അടച്ചു തീർക്കുന്നു.

ലാഭവും പലിശയും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കേണ്ടതുണ്ട്. ഉൽപാദന സംരംഭങ്ങളിലോ കച്ചവടത്തിലോ മൂലധനം മുടക്കിയതിന്റെ പേരിൽ ലഭ്യമാകുന്ന വർധനവാണ് ലാഭം. അധ്വാനം, മൂലധനം എന്നീ അടിസ്ഥാനപരമായ ഉൽപാദനോപാധികളുടെ പ്രതിപ്രവർത്തനത്തിലൂടെയാണ് ലാഭം ഉണ്ടായിത്തീരുന്നത്.

എന്നാൽ പലിശയെന്നത് വായ്പ വാങ്ങിയത് മുതൽ അടവ് തീരുന്നതു വരെയുള്ള ഇടവേളയിൽ അധമർണ്ണൻ ഉത്തമർണ്ണന് നൽകുന്ന അധിക തുകയാണ്. അവധിവെച്ചുള്ള പണമടവിനു പകരം പണം കൈമാറുമ്പോൾ ലഭിക്കുന്ന വർധനവാണ് പലിശ. അഥവാ അധമർണ്ണൻ വരുത്തുന്ന കാലതാമസത്തിന്റെ മാത്രം പകരമായിട്ടാണ് പലിശ ഈടാക്കുന്നത് എന്നർഥം.

മുറാബഹ ഇടപാടിൽ ലാഭത്തോത് (Profit Margine) നിർണയിക്കുമ്പോൾ രണ്ട് അടിസ്ഥാന കാര്യങ്ങൾ കണക്കിലെടുക്കേണ്ടതുണ്ട്. സാധനം വാങ്ങാനുള്ള ബാധ്യത ബാങ്ക് ഏറ്റെടുക്കണം. പിന്നീട് ലാഭത്തോത് നിശ്ചയിക്കണം. ഇങ്ങനെയുള്ള ലാഭത്തിന്റെ തോത് നിശ്ചിതമല്ല എന്നും വ്യക്തമാണ്. വായ്പയടവിന്റെ കാലാവധി ഒരു വർഷമാണെങ്കിൽ രണ്ടു വർഷ അടവു കാലാവധിയുള്ള വായ്പയുടേതിനേക്കാൾ കുറവായിരിക്കും ലാഭത്തിന്റെ തോത്.

ഇസ്‌ലാമിക ബാങ്കുകൾ പലിശാധിഷ്ഠിത ബാങ്കുകളിൽനിന്ന് കടുത്ത മത്സരം നേരിടുന്നുണ്ട് എന്നതാണ് വസ്തുത. ഇതിനെല്ലാമിടയിലും പല ഇസ്‌ലാമിക ബാങ്കുകളും അതിന്റെ ഇടപാടുകാർക്ക് ഉദാരമായി കടം അനുവദിക്കാറുണ്ട്. അത്തരത്തിൽപെട്ട ഒരിനമാണ് മുറാബഹ.

ഇസ്‌ലാമിക ബാങ്കുകളുടെ ലാഭത്തോത് പരമ്പരാഗത ബാങ്കുകളുടെ പലിശയോട് തുല്യമായ സംഖ്യയാകാൻ മറ്റ് ചില കാരണങ്ങൾ കൂടിയുണ്ട്. ഇസ്‌ലാമിക ബാങ്കുകൾ തങ്ങളുടെ സാമ്പത്തിക പ്രവർത്തനങ്ങൾ നടത്തേണ്ടത് പരമ്പരാഗത ബാങ്കുകളോട് മത്സരിച്ചുകൊണ്ടാണ്. ഈ രണ്ടുതരം ബാങ്കുകളും പൊതുധനകമ്പോളത്തിലെ അംഗങ്ങളാണല്ലോ. പ്രാദേശിക തലത്തിലോ അന്താരാഷ്ട്ര തലത്തിലോ പ്രവർത്തിക്കുന്നതാകട്ടെ, ഇസ്‌ലാമിക ബാങ്കിനെ സംബന്ധിച്ചേടത്തോളം ധനസ്വരൂപണത്തിന്റെ ഒരു പ്രധാനരീതി, ശരീഅത്ത് അംഗീകരിച്ച മാർഗത്തിലൂന്നിയ ലാഭം ഈടാക്കിക്കൊണ്ട് കടം നൽകുക എന്നത് തന്നെയാണ്.

അതിനാൽ ഇസ്‌ലാമിക ബാങ്കുകൾക്കും തങ്ങളുടെ ലാഭത്തോത് (അത് നിർവഹിക്കുന്ന സേവനത്തിന്റെ മൂല്യമാണ് യഥാർഥത്തിലിത്) നിർണയിക്കുമ്പോൾ ആ യാഥാർഥ്യങ്ങൾ കണക്കിലെടുക്കാതെ നിർവാഹമില്ല.

പരമ്പരാഗത ബാങ്കുകൾ ഈടാക്കുന്ന പലിശയുടേതിനെക്കാൾ കൂടിയതോതിൽ ലാഭം ഈടാക്കിയാൽ അതുമായി ഇടപാടു നടത്താൻ ജനം വിമുഖത കാണിക്കും. പരമ്പരാഗത ബാങ്കുകളിലെ പലിശയുടെ തോതിനെക്കാൾ കുറഞ്ഞ ലാഭം ഈടാക്കിയാൽ ഇസ്‌ലാമിക ബാങ്കിന് അതിലെ നിക്ഷേപകർക്ക് കുറഞ്ഞ ലാഭ വിഹിതം നൽകാനേ സാധിക്കൂ. നിക്ഷേപകർ ഇസ്‌ലാമിക ബാങ്കുകളെ അവഗണിക്കുന്നതിന് ഇതിടവരുത്തും. ഇതുപോലുള്ള പല വിഷമങ്ങളും അവ നേരിടുന്നുണ്ട്. അതിനാൽ, ഇസ്‌ലാമിക ബാങ്കുകളും അന്താരാഷ്ട്ര തലത്തിൽ നിലവിലുള്ള പലിശ നിരക്കിനോട് തുല്യമായ ലാഭത്തോത് നിർണയിക്കാൻ നിർബന്ധിതമാണ്.

മാനദണ്ഡങ്ങളെയും അളവുകളെയും ഒക്കെ നിർണയിക്കാൻ പര്യാപ്തമായ സ്വാതന്ത്ര്യവും ശക്തവുമായ ഒരിസ്‌ലാമിക ധനകമ്പോളം നിലനിൽക്കുന്നില്ല എന്ന പ്രശ്നമുണ്ട്. സ്വന്തമായ സൂചികകളും മാനദണ്ഡങ്ങളും ആവിഷ്കരിക്കാൻ ഫിഖ്ഹ് അക്കാദമികൾ ഇസ്‌ലാമിക ബാങ്കുകളോട് ആഹ്വാനം ചെയ്തിട്ടുണ്ട്.

ചുരുക്കത്തിൽ, പലിശത്തോതിനോട് തുല്യമായി എന്നതുകൊണ്ടുമാത്രം ഇസ്‌ലാമിക ബാങ്ക് ഈടാക്കുന്ന ലാഭം നിഷിദ്ധമാകുന്നില്ല. സാദൃശ്യം ബാഹ്യം മാത്രമാണ്. അവ തമ്മിൽ അടിസ്ഥാനപരമായ വ്യത്യാസങ്ങൾ ഉണ്ട്.

## ഇസ്‌ലാമിക് ബാങ്കിംഗിന്റെ വർത്തമാനവും ഭാവിയും

***ഇസ്‌ലാമിക് ബാങ്കിംഗ് എന്നത് വിജയകരമായ ഒരു പരീക്ഷണമാണോ? അതിന്റെ ഭാവി പ്രതീക്ഷകൾ എന്തൊക്കെയാണ്?***

**ഉത്തരം: ഡോ. യൂസുഫുൽ ഖറദാവി**

പ്രോത്സാഹിപ്പിക്കപ്പെടേണ്ടതും പ്രശംസാർഹവുമായ സംരംഭമാണ് ഇസ്‌ലാമിക് ബാങ്കിംഗ്. തത്ത്വത്തിൽനിന്നും നാം പ്രയോ

ഗത്തിലേക്ക് കടന്നിരിക്കുന്നു. പണ്ടൊക്കെ ആളുകൾ പറയാറുണ്ടായിരുന്നു, ബാങ്കുകളില്ലാതെ ഇസ്‌ലാമിക സാമ്പത്തിക വ്യവസ്ഥ സ്ഥാപിക്കാനാവില്ല. പലിശയില്ലാതെ ബാങ്ക് നടത്തിപ്പും അസാധ്യം.

എന്നാലിന്ന് പലിശരഹിത ബാങ്കുകളും സാമ്പത്തിക സംരംഭങ്ങളും ജനം നേർക്കുനേരെ കാണുന്നു. പാശ്ചാത്യ ചിന്തയുടെയും സാമ്പത്തിക വ്യവസ്ഥയുടെയും സ്വാധീനഫലമായി പലിശ അനുവദനീയമാക്കാൻ വേണ്ടി നമ്മുടെ പണ്ഡിതന്മാരും ചിന്തകരും ശറഈ പ്രമാണങ്ങളെപ്പോലും ദുർവ്യാഖ്യാനം ചെയ്ത അതിവിദൂരമല്ലാത്ത ഒരു ഭൂതകാലം കഴിഞ്ഞുപോയിട്ടുണ്ട്. പലിശ ഹറാം തന്നെയാണെന്ന് നിരന്തരം പ റഞ്ഞുകൊണ്ടിരുന്നവരുടെ ശ്രമങ്ങൾ വിജയിക്കുന്നതാണ് പിന്നീട് കാണാൻ കഴിഞ്ഞത്. മാത്രമല്ല, പലിശാധിഷ്ഠിത സമ്പദ് വ്യവസ്ഥക്ക് ബദൽ അനിവാര്യമാണെന്ന ചിന്തയും സമൂഹത്തിൽ ബലപ്പെട്ടുവന്നു.

ബദലിനെക്കുറിച്ച ചിന്ത പുസ്തകത്താളിൽനിന്ന് പ്രയോഗതലത്തിലേക്ക് ആവിഷ്കരിക്കപ്പെട്ടു. അങ്ങനെ ഒമ്പതുവർഷം മുമ്പ് ദുബൈയിൽ ആദ്യത്തെ ഇസ്‌ലാമിക ബാങ്ക് നിലവിൽവന്നു. അതെത്തുടർന്ന് മറ്റ് മുസ്‌ലിം രാജ്യങ്ങളിലും ഇസ്‌ലാമിക ബാങ്കുകൾ വ്യാപകമായി.

മുസ്‌ലിംകളിൽ തങ്ങളെക്കുറിച്ച് മതിപ്പും വിശ്വാസവും സൃഷ്ടിച്ചെടുക്കാൻ ഇത്തരം ബാങ്കുകൾക്ക് സാധിച്ചു. നേരത്തെ അപരിചിതമായിരുന്ന പല നിക്ഷേപ സംരംഭങ്ങളുടെയും വാതിലുകൾ അത് തുറന്നിട്ടു. മുശാറക (ഓഹരി ഇടപാടുകൾ - Equity Sharing) മുദാറബത് (Sleeping Partnership), മുറാബഹത് (Cost plus financing) തുടങ്ങിയവ ഉദാഹരണം.

മുസ്‌ലിം ബഹുജനങ്ങൾക്ക് തങ്ങളുടെ ധനം അനുവദനീയമായ സംരംഭങ്ങളിൽ നിക്ഷേപം നടത്തുന്നതിനുള്ള സൗകര്യം അവ സൃഷ്ടിച്ചു. അനവധി സംരംഭകർക്ക് തങ്ങളുടെ പദ്ധതികൾക്കാവശ്യമായ ധനം വിഹിതമാർഗേണ തന്നെ സ്വരൂപിക്കാനും ഇതുവഴി സാധിച്ചു.

ഇസ്‌ലാമിക് ബാങ്കിംഗ് പരീക്ഷണങ്ങൾ കുറ്റങ്ങളും കുറവുകളും തീർന്ന പൂർണത പ്രാപിച്ച സംരംഭങ്ങളാണെന്ന് ആരും അവകാശപ്പെടുന്നില്ല. അവ ഇനിയും ഒരുപാട് മുന്നോട്ട് പോകേണ്ടതുണ്ട്. മുഖ്യധാരയെ അടക്കിവാഴുന്ന പലിശ വ്യവസ്ഥിതിയുമായി താരതമ്യം ചെയ്യുമ്പോൾ ഇത്തരം സംരംഭങ്ങളുടെ ശേഷി തുലോം തുഛവുമാണ്. ഇതിനെല്ലാമിടയിലും ബഹുമുഖമായ പ്രവർത്തനങ്ങളിലൂടെ അവ മുന്നോട്ടു തന്നെ പോവുകയാണ്:

1) മൂല്യബോധവും, സദാചാര നിഷ്ഠയും ശരീഅത്ത് നിയമങ്ങളിൽ അവഗാഹവുമുള്ളതോടൊപ്പം സാമ്പത്തിക ശാസ്ത്രത്തിലും മാനേജ്മെന്റിലും വൈദഗ്ധ്യം കൂടിയുള്ള മാനവശേഷിയുടെ സംഘാടനത്തിന് അവ യത്നിക്കുന്നു. ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇസ്‌ലാമിക താൽപര്യമുള്ള വിശേഷിച്ച് ഇസ്‌ലാമിക സാമ്പത്തിക വ്യവസ്ഥയോട് താൽപര്യമുള്ള എല്ലാവരുടെയും സഹായം ഇതിനാവശ്യമുണ്ട്.

2) ചെറിയ സംരംഭങ്ങളുമായി തുടങ്ങിയ ഇസ്‌ലാമിക് ബാങ്കിംഗ് ശ്രദ്ധേയമായ സംരംഭങ്ങളുമായി വളരെ മുന്നോട്ടു പോയിട്ടുണ്ട്. മുറാബഹ ഉദാഹരണം. അത് അനുവദനീയമായ ഇടപാടാണെന്നതിൽ സംശയമില്ല. സമൂഹത്തിന്റെ ക്ഷേമം ഉറപ്പുവരുത്തുന്ന വികസനോന്മുഖമായ ദീർഘകാല പദ്ധതികളിലും ഏർപ്പെടാൻ ബാങ്കുകൾ ശ്രദ്ധിക്കേണ്ടതാണ്, ചിലപ്പോൾ സംരംഭകർക്ക് വരുമാനം ലഭിച്ചു തുടങ്ങാൻ ദീർഘകാലമെടുക്കുമെങ്കിലും.

3) ഇസ്‌ലാമിക് ബാങ്കിംഗ് വ്യവസ്ഥയുടെ സംരക്ഷണത്തിനും അതിനെതിരെ ശത്രുക്കളുടെ ഉപജാപങ്ങൾ ചെറുക്കുന്നതിനും അവ നടപടികൾ സ്വീകരിക്കുന്നു.

പരമ്പരാഗത ബാങ്കുകൾ ഈടാക്കുന്ന പലിശയുടേതിനെക്കാൾ കൂടിയതോതിൽ ലാഭം ഈടാക്കിയാൽ അതുമായി ഇടപാടു നടത്താൻ ജനം വിമുഖത കാണിക്കും. പരമ്പരാഗത ബാങ്കുകൾ പലിശയുടെ തോതിനെക്കാൾ കുറഞ്ഞ ലാഭം ഈടാക്കിയാൽ ഇസ്‌ലാമിക ബാങ്കിന് അതിലെ നിക്ഷേപകർക്ക് കുറഞ്ഞ ലാഭ വിഹിതം നൽകാനേ സാധിക്കൂ. നിക്ഷേപകർ ഇസ്‌ലാമിക ബാങ്കുകളെ അവഗണിക്കുന്നതിന് ഇതിടവരുത്തും. ഇതുപോലുള്ള പല വിഷമങ്ങളും അവ നേരിടുന്നുണ്ട്.

ഇസ്‌ലാമിക ബാങ്കുകളുടെ ഒരു പൊതുവേദിക്ക് രൂപം കൊടുക്കുന്നതിൽ അവ വിജയിച്ചിട്ടുണ്ട്. ഒരു ലോക ഇസ്‌ലാമിക് ബാങ്കിനെക്കുറിച്ച ചിന്ത ഇപ്പോൾ സജീവമാണ്. 500 മില്യൻ ഡോളർ മൂലധനത്തോടെ അതു നിലവിൽവരും എന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. ദീർഘകാല പദ്ധതികൾ ഏറ്റെടുത്തു നിർവഹിക്കാൻ ഈ ബാങ്ക് പര്യാപ്തമായിരിക്കും. ഇസ്‌ലാമിക ലോകത്തെ പണ്ഡിതന്മാരെ ഉൾപ്പെടുത്തി നിരീക്ഷണത്തിനും മാർഗനിർദേശങ്ങൾ നൽകുന്നതിനുമായി ഒരു ഉന്നത സമിതിയെ നിയമിക്കാനും അവർക്ക് പദ്ധതിയുണ്ട്.

അതിനാൽ ഞാൻ പറയുന്നു, ഈ പരീക്ഷണം ഒരു ഉറച്ച കാൽവെപ്പ് തന്നെയായിരുന്നു. കരുത്തോടുകൂടി അതിന്റെ മാർഗത്തിൽ അത് മുന്നോട്ടുതന്നെ പോവുകയാണ്. ഇൻശാ ശക്തിയോടെയും ആത്മവിശ്വാസത്തോടെയും വികസനത്തിന്റെയും പുരോഗതിയുടെയും ഒരു ഘട്ടം അത് പിന്നിട്ടു കഴിഞ്ഞു. സത്യസന്ധമായ ഉദ്ദേശ്യത്തോടെ പരീക്ഷണത്തിനിറങ്ങിത്തിരിച്ചവർ വിജയിക്കുക തന്നെ ചെയ്യും, തീർച്ച. ■